(സി) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുവേണ്ടി 500 കോടി രൂപയുടെ പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. ഇതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

33 [3041] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓട് വ്യവസായ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഓട് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര ഓട് കമ്പനികൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഓട് വ്യവസായത്തിൽ വൈവിദ്ധ്യവൽക്കരണവും കയറ്റുമതിയുമായി ബന്ധപ്പെടുത്തി വികസന പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ വിശദമാക്കാമോ;

(ഡി) ഓട് വ്യവസായത്തിന് ആവശ്യമായ മണ്ണ് ലഭിക്കുന്നതിനും വിറക്, മണ്ണെണ്ണ എന്നിവ ലഭിക്കുന്നതിനും ഇന്ന് നേരിടുന്ന ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിന് സർക്കാർ ഒരു കമ്മറ്റിയെ നിയോഗിച്ചു. ഈ കമ്മറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയുടെ നവീകരണത്തിനും, തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു. ഇതിലേയ്ക്കായി തിരുവനന്തപുരം റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി സഹകരിച്ച് രണ്ടായിരാമാണ്ടിൽ പ്രവർത്തനം ആരംഭിച്ച പദ്ധതിക്കു സംസ്ഥാന സർക്കാർ 30.82 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ 'റിസോഴ്സ് മാപ്പിംഗ്' പൂർത്തിയായിവരുന്നു. കൂടാതെ 'ഡവലപ്മെന്റ് ആന്റ് ഡമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ' എന്ന പദ്ധതിക്കായി 23 ലക്ഷം രൂപയും റീജയണൽ റിസർച്ച് ലബോറട്ടറിക്ക് അനുവദിച്ചു. ഇതിന്റെ ട്രയൽ റൺ നടത്തിക്കഴിഞ്ഞു. കമേഴ്സ്യലൈസേഷനുള്ള നടപടി പൂർത്തിയായിവരുന്നു. കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് ഊർജ്ജ സംരക്ഷണം നടത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ടി യൂണിറ്റുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ക്രമീകരണങ്ങൾ നടപ്പാക്കിവരുന്നു. നിലവിലുള്ള യൂണിറ്റുകളുടെ 'ക്ളസ്റ്ററുകൾ' രൂപീകരിച്ച് ഈ യൂണിററുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് 363 ഓട് കമ്പനികൾ രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 9 ഓട് കമ്പനികൾ അടച്ചുപൂട്ടി.

(സി) ഓട് വ്യവസായത്തിന്റെ വൈവിദ്ധ്യവൽക്കരണത്തിനും ഗുണമേന്മാ വർദ്ധനവിനും ആവശ്യമായ പദ്ധതികളുടെ ഗവേഷണമാണ് റീജിയണൽ റിസർച്ച് ലബോറട്ടറിയിൽ നടപ്പാക്കിവരുന്നത്. അന്തർദ്ദേശീയ നിലവാരമുള്ള ചൂളകൾ നിർമ്മിച്ച് ഓടിന്റെ ഗുണനിലവാരമുയർത്തുക എന്നതാണ് വ്യവസായ ക്ലസ്റ്ററുകളുടെ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

(ഡി) കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് ഒരു പ്രാഥമിക പഠനം നടത്തിയതിലൂടെ ഓട് വ്യവസായത്തിനാവശ്യമായ മണ്ണ് ഈ പ്രദേശത്തുള്ളതായി കണ്ടെത്തി. ഭൂരിഭാഗം പ്രദേശവും കൃഷി സ്ഥലമാകയാൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.യും 1967-ലെ കേരള മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റും ലഭിച്ചാലേ ഈ പ്രദേശത്ത് ഖനന പ്രവർത്തനം സാദ്ധ്യമാകൂ. മണ്ണെണ്ണ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ മാർക്കറ്റിൽ സുലഭമല്ലാതെ വരുമ്പോൾ മാത്രമേ മറ്റു മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നുള്ളൂ.

ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

34 [3042] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ ഭക്ഷ്യ സംസ്ക്കരണ പാർക്കിനും എത്ര തുക വീതം മൂലധനം ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാർക്കുകളിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ കഴിഞ്ഞ 3 വർഷങ്ങളിലായി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ ഇപ്പോൾ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക് പ്രവർത്തിക്കുന്നുണ്ട്.

(ബി) കാക്കഞ്ചേരിയിലെ ഭക്ഷ്യ സംസ്ക്കരണ പാർക്കിനുവേണ്ടി 19.5 കോടി രൂപ മൂലധനമായി ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly